# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1438. | 03.12.2018-ന് മറുപടിയ്ക്ക് |
|---|---|

**മുണ്ടൂർ മുതൽ മഴുവഞ്ചേരി വരെയുള്ള സ്ഥലമേറ്റെടുപ്പ്**

| ചോദ്യം<br><br>ശ്രീ.അനിൽ അക്കര | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൃശ്ശൂർ - കുറ്റിപ്പുറം പാതയിലെ മുണ്ടൂർ മുതൽ മഴുവഞ്ചേരി വരെയുള്ള ഭാഗം നാല് വരിയാക്കുന്നതിന്റെ ഭാഗമായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ നാളിതുവരെയുള്ള പുരോഗതി വിശദീകരിക്കുമോ; | (എ) | മുണ്ടൂർ-പുറ്റേക്കര റോഡിൽ ധാരാളം അപകടങ്ങൾ സംഭവിക്കുന്നതുമൂലം നിരവധി ആളുകൾക്ക് ജീവൻ പൊലിയുന്ന അവസ്ഥ സംജാതമാവുന്ന സാഹചര്യം കണക്കിലെടുത്ത് സ്ഥലം ഡയറക്ട് പർച്ചേസ് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് സന്നദ്ധത അറിയിച്ചതിനാൽ 29/06/2017 തീയതിയിലെ എസ്.എൽ.ഇ.സി യോഗം ആയതിന് അനുമതി നൽകുകയും ചെയ്തു. 14/09/2017 - ലെ സ.ഉ (സാധാ) 3932/17/റവ പ്രകാരം അഞ്ഞൂർ വില്ലേജിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 1.0987 ഹെക്ടർ ഭൂമി ഡയറക്ട് പർച്ചേസ് ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതാണ്. പ്രാഥമിക ഫണ്ട് അനുവദിച്ച് നൽകാൻ അർത്ഥനാധികാരിക്ക് കത്ത് നൽകിയിട്ടുള്ളതും ആയത് ലഭ്യമായിട്ടില്ലാത്തതുമാണ്. കൈവശക്കാരായ ഭൂവുടമകളുമായി നെഗോഷ്യേറ്റ് ചെയ്ത് ഭൂമി വില നിശ്ചയിക്കുന്നതിനായി ഡി.എൽ.എഫ്.സി അടിയന്തിരമായി കൂടുന്നതാണ്. |
| (ബി) | സ്ഥലമേറ്റെടുപ്പ് നടപടികൾ എന്ന് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ബി) | പ്രാഥമിക ഫണ്ട് ലഭ്യമായാൽ നെഗോഷ്യേഷൻ നടത്തുന്ന ഭൂമിയുടെ ഏറ്റെടുക്കൽ 6 മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ